പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4968

21.10.2011 ൽ
മറുപടിയ്ക്ക്

## ഐ.ടി. മേഖലയിൽ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. മേഖലയിൽ പുതിയ ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) ഇ-ഗവേണൻസ് മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ, സ്റ്റേറ്റ് പോർട്ടൽ, ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്കിംഗ് സിസ്റ്റം എന്നിവ ഉടൻ നടപ്പാക്കാൻ പോകുന്ന പദ്ധതികളാണ്. തൃശ്ശൂർ ഇൻഫോപാർക്കിൽ 25 ഏക്കർ സ്ഥലത്ത് ഒരു IT Sector Specific SEZ Park ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ടെക്നോപാർക്കിന്റെ മൂന്നാംഘട്ടവും ടെക്നോസിറ്റിയുടെ പ്രവർത്തനങ്ങളും കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതാണ്. |
| ബി) വിവരസാങ്കേതിക വിദ്യയുടെ വളർച്ചയിലൂടെ അടുത്ത അഞ്ചുവർഷക്കാലം കൊണ്ട് എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാനാകുമെന്നാണ് പ്രതീക്ഷയെന്ന് വിശദീകരിക്കാമോ ; | ബി) ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോപാർക്ക് കൊച്ചി, സൈബർപാർക്ക് കോഴിക്കോട് എന്നിവയുടെ വിവിധ വികസന പദ്ധതികളിലൂടെയും സ്മാർട്ട്സിറ്റി പദ്ധതിയിലൂടെയും ഏകദേശം 4.23 ലക്ഷം പേർക്ക് അടുത്ത അഞ്ച് വർഷക്കാലം കൊണ്ട് തൊഴിൽ നൽകാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| സി) മലപ്പുറം ജില്ലയിൽ ഈ വിഭാഗത്തിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ പരിഗണനയിലുണ്ടോ ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ